**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4151** **18-07-2022 - ൽ മറുപടിയ്ക്ക്**

**സി-മെറ്റിലെ ഓഡിറ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജിയുടെ (സി-മെറ്റ്) ഡയറക്ടറേറ്റിലും നഴ്സിംഗ് കോളേജുകളിലും 2013-2014 മുതൽ 2016-17 വരെയുള്ള നാല് വർഷത്തെ ഓഡിറ്റിംഗ് കഴിഞ്ഞിട്ടും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നാളിതുവരെ റിപ്പോർട്ട് പുറപ്പെടുവിക്കാത്തതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജിയുടെ (സി-മെറ്റ്) ഡയറക്ടറേറ്റിലും നഴ്സിംഗ് കോളേജുകളിലും 2013-2014 മുതൽ 2016-17 വരെയുള്ള നാല് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ കരട് ഓഡിറ്റ് വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം അപാകതകൾ പരിഹരിച്ച് 29/04/2022 തീയതിയിൽ അംഗീകരിച്ചിട്ടുണ്ട്. ടൈപ്പിംഗ് ജോലികൾ പൂർത്തിയാക്കി പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ 2017-2018 മുതൽ 2020-2021 വരെയുള്ള നാല് വർഷങ്ങളിലെ ഓഡിറ്റ് നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പ്രസ്തുത സ്ഥാപനത്തിന്റെ 2013-14 മുതൽ 2016-17 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനും, 2017-18 മുതൽ കഴിഞ്ഞ സാമ്പത്തിക വർഷം വരെയുള്ള വാർഷികകണക്കുകൾ ലഭ്യമാക്കുന്നതിന് വിധേയമായി ഓഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിലെ , 2013-2014 മുതൽ കഴിഞ്ഞ സാമ്പത്തിക വർഷം വരെയുള്ള 8 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനായി നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പ്രസ്തുത സ്ഥാപനത്തിന്റെ 2013-14 മുതൽ 2016-17 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനും, 2017-18 മുതൽ കഴിഞ്ഞ സാമ്പത്തിക വർഷം വരെയുള്ള വാർഷികകണക്കുകൾ ലഭ്യമാക്കുന്നതിന് വിധേയമായി ഓഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ